# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/21/2017 പത്രക്കുറിപ്പ് 2017 ജനുവരി 30

**മേഴ്സി ചാൻസ് പരീക്ഷ**

എം.പി.റ്റി - പഴയ സ്കീം (രണ്ടാമത്തെ മേഴ്സി ചാൻസ് - 2013 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 14 വരെയും അപേക്ഷിക്കാം. അപേക്ഷകർ 7,000 (ഏഴായിരം) രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും സി വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**അപേക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എസ്‌സി ഫിഷറി ബയോളജി & അക്വാകൾച്ചർ (പുതിയ സ്കീം -2016 അഡ്മിഷൻ റഗുലർ/2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും സ്വീകരിക്കും.

**പരീക്ഷാതീയതി**

ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.ബി.എ/ബി.സി.എ/ബി.എസ്‌സി - കംപ്യൂട്ടർ സയൻസ് ഇലക്ട്രോണിക്സ്/ ബി.എസ്.ഡബ്ല്യു/ബി.എസ്‌സി പെട്രോകെമിക്കൽ (2000 മുതൽ 2008 വരെ അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 8ന് ആരംഭിക്കും.

**പരീക്ഷാഫലം**

എറണാകുളം ഗവ : ലോ കോളേജിലെയും തൊടുപുഴ അൽ - അസർ ലോ കോളേജിലെയും 2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 4 വരെ സ്വീകരിക്കും.

**പ്രത്യേക സിൻഡിക്കേറ്റ് യോഗം**

ജനുവരി 28 ന് നടത്താൻ നിശ്ചയിച്ചിരുന്ന എം.ജി. സർവ്വകലാശാല പ്രത്യേക സിൻഡിക്കേറ്റ് യോഗം ഫെബ്രുവരി 15 രാവിലെ 10.30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**പൂർവ്വവിദ്യാർത്ഥി ഡാറ്റ**

എം.ജി സർവ്വകലാശാല സ്ക്കൂൾ ഓഫ് ബയോസയൻസസിലെ പൂർവ്വവിദ്യാർത്ഥികളുടെ വിശദാംശങ്ങൾ alumni.sbs.mgu@gmail.com എന്ന ഇ.മെയലിലേക്ക് അയക്കുക. ഫോൺ : 9497655293, 9847901149, 0481-2731035

**ജിയോ-ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി ഹ്രസ്വകാല കോഴ്സ്**

എം.ജി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് എൻവയൊൺമെന്റൽ സയൻസസിൽ നാഷണൽ നാച്ചറൽ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം പ്രോഗ്രാമിൽ ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഡോ : ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിങ്ങ് ആന്റ് ജി.ഐ.എസ് - ൽ നടത്തുന്ന ഹ്രസ്വകാല ജിയോ-ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. വർഷത്തിൽ രണ്ടു ബാച്ചുകൾ നടത്തുന്ന ഈ കോഴ്സിന്റെ 22-ാം ബാച്ചിലേക്കുള്ള പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും. 20 ആഴ്ച ദൈർഘ്യമുള്ള ഈ ഫുൾടൈം കോഴ്സിന് അംഗീകൃത ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ഭൗമവിവരശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും സാറ്റലൈറ്റ് റിമോട്ട് സെൻസിങ്ങ്, ഏരിയൽ ഫോട്ടോഗ്രാഫി, ഡിജിറ്റൽ ഇമേജ് പ്രോസസിങ്ങ്, ഫോട്ടോഗ്രാമെട്രി, മാപ്പിങ്ങ്, സർവേയിങ്ങ്, ജി.പി.എസ്, കമ്പ്യൂട്ടർ അധിഷ്ഠിത

ജി.ഐ.എസ് മുതലായ അതിനൂതന സാങ്കേതിക വിദ്യകളുടെ സമന്വയത്തിലൂടെ വിവരങ്ങളുടെ ശേഖരണവും, വിശകലനവും സാധ്യമാക്കി വിവിധ ശാസ്ത്ര-സാങ്കേതിക ആസൂത്രണ ജോലികൾക്ക് സന്നദ്ധമാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

അപേക്ഷാഫോറവും, വിശദാംശങ്ങളടങ്ങിയ ബ്രോഷറുംwww.sesmgu.net എന്ന വെബ്ബ്സൈറ്റിൽ ലഭ്യമാണ്. വിലാസം : കോ-ഓർഡിനേറ്റർ, ഡോ.ആർ.സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിങ്ങ് ആന്റ് ജി.ഐ.എസ്., സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560. ഫോൺ : 9446058120 ഇ.മെയിൽ rsgismgu@gmail.com

**പ്രൊജക്ട് ഫെലോയുടെ ഒഴിവ്**

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട ആൻഡ് ഡെവലപ്പ് മെന്റ് സ്റ്റഡീസിൽ നിലവിലുള്ള ഐ . സി . എസ് . എസ്. ആർ സ്പോൺസേർഡ് റിസർച്ച് പ്രോജെക്ടിലെ പ്രൊജക്റ്റ് ഫെലോയുടെ ഒഴിവു നികത്തുന്നതിനായുള്ള എഴുത്തുപരീക്ഷയും, അഭിമുഖവും ഫെബ്രുവരി 2 ന് ഡിപ്പാർട്മെന്റിൽ വെച്ച് നടത്തുന്നതായിരിക്കും. അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 9.30 ന് ഗാന്ധിഭവനിൽ എത്തിച്ചേരേണ്ടതാണ്

**എം.ജി.യിൽ രക്തസാക്ഷിദിനം ആചരിച്ചു**

എം.ജി സർവ്വകലാശാല സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സറ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിസ്മരണ സമുചിതമായി ആചരിച്ചു. സർവ്വകലാശാല പ്രൊ. വൈസ് ചാൻസിലർ ഡോ: ഷീനാഷുക്കൂർ അദ്ധ്യക്ഷത വഹിച്ച യോഗം വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഗുരുകുലം ലൈഫ് എഡ്യുക്കേഷൻ കമ്മീഷണർ ഡോ : എം ആർ ഗോപാലകൃഷ്ണൻ നായർ മുഖ്യപ്രഭാഷണം നടത്തി. ഡോ : റോയ്.സി.മാത്യു, ഡോ : സി . ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ശ്രീമതി സ്മിത.എൻ.ബി തുടങ്ങിയവർ പ്രസംഗിച്ചു.

**അടിക്കുറിപ്പ്.**

എം.ജി സർവ്വകലാശാലയിൽ നടന്ന ഗാന്ധി സ്മൃതിദിനാചരണത്തിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു. വേദിയിൽ ഡോ :റോയ്.സി.മാത്യു, പ്രൊ വൈസ്ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ, ഡോ : എം ആർ ഗോപാലകൃഷ്ണൻ നായർ ഡോ : സി . ആർ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**